**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3568** | **02-03-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലാ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര സർവകലാശാലകൾ നിലവിലുണ്ടെന്നും അവയിൽ എത്ര സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ തസ്തികകൾ നിലവിലുണ്ടെന്നും സർവകലാശാല തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പത്ത് സർവകലാശാലകളാണ് നിലവിലുള്ളത്. അവയിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു :<br><br>കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലകളിൽ വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകൾ സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളാണ്.<br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാളം, നുവാൽസ് സർവകലാശാലകളിൽ വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകൾ സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളാണ്.<br><br>ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകൾ സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളാണ്.<br><br>എ.പി.ജെ.അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, ഡീൻ അക്കാദമിക്, ഡീൻ ഗവേഷണം, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകൾ സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളാണ്.<br><br>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് രൂപീകരണ ഘട്ടത്തിലാണ്. |
| (ബി) | സർവകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമനത്തിൽ ഏതെങ്കിലും | (ബി) | സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമനത്തിൽ ഏതെങ്കിലും തരത്തിലുള്ള സംവരണ തത്വം |

| | | | |
|---|---|---|---|
| | തരത്തിലുള്ള സംവരണ തത്വം പാലിക്കാറുണ്ടോയെന്ന് വിശദമാക്കാമോ; | | പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. |
| (സി) | അധ്യാപക നിയമനങ്ങളിൽ ആക്ട് 26 ഓഫ് 2014 പ്രകാരം സർവകലാശാല ഡിപ്പാർട്ട്മെന്റുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് സംവരണം അനുവദിക്കുന്നതു പോലെ മുഴുവൻ സർവകലാശാലകളിലെയും സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരെ കേഡർ തിരിച്ച് വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിങ്ങനെ സംസ്ഥാന തലത്തിൽ പൂൾ ചെയ്ത് കേഡർ അടിസ്ഥാനത്തിൽ ഒറ്റ യൂണിറ്റായി പരിഗണിച്ച് സാമൂഹിക സംവരണം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ പരിഗണനയിൽ ഇല്ല |
| (ഡി) | മേൽ പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളിൽ സംവരണം ഏർപ്പെടുത്തുന്നതിനാവശ്യമായ നിയമ നിർമ്മാണം കൊണ്ടുവരുന്നത് ആലോചനയിലുണ്ടോ; അപ്രകാരം നിയമ നിർമ്മാണം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലനില്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ